ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡൻറ് ജോ ബൈഡനുമായി ടെലിഫോൺ സംഭാഷണം നടത്തി. യുക്രൈൻ ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

**Prime Minister Narendra Modi spoke to US president Joe Biden and discussed regional and global issues, including the situation in Ukraine.**

2) ഉരുൾപൊട്ടലിൽ തകർന്ന വയനാട് മുണ്ടക്കൈയെ പുനരുജ്ജീവിപ്പിക്കാൻ കേന്ദ്രസഹായം തേടി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പ്രധാനമന്ത്രിയെ സന്ദർശിക്കും.

**Chief Minister Pinarayi Vijayan will visit the Prime Minister today seeking central assistance to revive the landslide-ravaged Wayanad Mundakai.**

3) ഒമ്പതാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.

**The 9th India-Brazil Joint Commission meeting will begin today in New Delhi.**

4) രാജ്യത്ത് മെഡിക്കൽ മേഖലയിലുള്ളവരുടെ സുരക്ഷ സംബന്ധിച്ച ശുപാർശ തയ്യാറാക്കാൻ സുപ്രീം കോടതി നിർദേശ പ്രകാരം രൂപീകരിച്ച കർമ്മ സേനയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.

**The first meeting of the National Task Force formed by the Supreme Court to make recommendations for safety, security and working conditions of medical professionals will be held today.**

5) **പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ സമഗ്ര മാർഗ്ഗനിർദ്ദേശവുമായി കേന്ദ്ര സർക്കാർ. ഏകജാലക സംവിധാനം വഴി പരാതികൾ നൽകാം.**

**Centre has issued Comprehensive Guidelines for Handling Public Grievances with an aim to make grievance redressal time-bound, accessible and meaningful.**

6). **യു.എസ് ഓപ്പൺ ടെന്നീസ് ടൂർണമെൻറിന് ന്യൂയോർക്കിൽ തുടക്കമായി. പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കമാകും.**

**The US Open tennis tournament has started in New York; The Paris Paralympics begin tomorrow.**

*****************************************************************************************************

## PM- US PRESIDENT - (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനുമായി ടെലിഫോൺ സംഭാഷണം നടത്തി. യുക്രെൻ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ഇരുനേതാക്കളും ചർച്ച നടത്തി.

**വിശദാംശങ്ങളിലേക്ക്...**

**(വോയിസ്............)**

ജനാധിപത്യം, നിയമവാഴ്ച, ജനങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധം എന്നിവയുടെ പൊതുവായ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഇന്ത്യ-യുഎസ് തന്ത്രപ്രധാന പങ്കാളിത്തത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഉഭയകക്ഷി ബന്ധങ്ങളിലെ ഗണ്യമായ പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്തു. പ്രാദേശിക, ആഗോള വിഷയങ്ങളിലെ കാഴ്ചപ്പാടുകളും കൈമാറി. യുക്രെയ്നിലെ സ്ഥിതിഗതികൾ ചർച്ച ചെയ്യവേ സമീപകാല യുക്രെയ്ൻ സന്ദർശനത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് പ്രസിഡന്റിനോട് വിശദീകരിച്ചു. ചർച്ചകൾക്ക് അനുകൂലമായ ഇന്ത്യയുടെ നിലപാട് നരേന്ദ്ര മോദി ആവർത്തിച്ചു. സമാധാനവും സ്ഥിരതയും എത്രയും വേഗം പുനഃസ്ഥാപിക്കുന്ന തിന് അദ്ദേഹം പൂർണ പിന്തുണ അറിയിച്ചു. ബംഗ്ലാദേശിലെ

സ്ഥിതിഗതികളിൽ ഇരു നേതാക്കളും പൊതുവായ ആശങ്ക പങ്കുവച്ചു. ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനും ബംഗ്ലാദേശിലെ ന്യൂനപക്ഷങ്ങളുടെ, പ്രത്യേകിച്ച് ഹിന്ദുക്കളുടെ, സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും ഊന്നൽ നൽകി. ക്വാഡ് ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര വേദികളിലെ സഹകരണം കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രതിബദ്ധത ഇരുനേതാക്കളും ആവർത്തിച്ചു.
ന്യൂസ് ഡെസ്ക്, ആകാശവാണി...

*****************************************************************

## INDIA-BRAZIL MEETING

ഒമ്പതാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ബ്രസീൽ വിദേശകാര്യ മന്ത്രി മൗറോ വിയേരയും യോഗത്തിൽ സഹഅധ്യക്ഷരാകും. നാലു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ബ്രസീൽ വിദേശകാര്യ മന്ത്രി ശനിയാഴ്ചയാണ് ഡൽഹിലെത്തിയത്.

*****************************************************************

## CENTRE - PUBLIC GRIEVANCE SYSTEM

പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാനായി കേന്ദ്രസർക്കാർ സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. www.pgportal.gov എന്ന ഏകജാലക സംവിധാനം വഴി പരാതികൾ രജിസ്റ്റർ ചെയ്യാം. ഇവ കാര്യക്ഷമമായി പരിഹരിക്കുന്നതിന് മന്ത്രാലയങ്ങൾ നോഡൽ ഓഫീസർമാരെ നിയമിക്കണമെന്നും പേഴ്സണൽ, പബ്ലിക് ഗ്രീവൻസ് ആൻഡ് പെൻഷൻ മന്ത്രാലയം അറിയിച്ചു. തീർപ്പാക്കിയ പരാതികളെക്കുറിച്ച് എസ്.എം.എസ് അല്ലെങ്കിൽ ഇമെയിലും മുഖേന പരാതിക്കാരനെ അറിയിക്കും.

******************************************************************

## MEA – FARAKKA BARRAGE

ഫറാക്ക ബാരേജിൻറെ ഷട്ടറുകൾ തുറന്ന് ഗംഗ – പത്മ നദികളിലെ ജലനിരപ്പ് നിയന്ത്രിക്കുന്നത് സാധാരണ നടപടിയാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം. ഫറാക്കയിലേത് ബാരേജ് മാത്രമാണെന്നും അണക്കെട്ടല്ലെന്നും നദിയിലെ ജലനിരപ്പ് ഉയരുമ്പോൾ വെള്ളം ഇതിലൂടെ ഒഴുകി പോകുകയാണെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധിർ ജയ്സ്വാൾ വിശദീകരിച്ചു. ഈ സംവിധാനത്തിലൂടെ ഗംഗ, പത്മ നദികളിലെ അധിക ജലം ബംഗ്ലാദേശിലെ പ്രധാന നദിയിലേക്ക് എത്തുന്നു. പ്രോട്ടോകോൾ പ്രകാരം ബംഗ്ലാദേശിലെ ജല കമ്മീഷൻ ഉദ്യോഗസ്ഥരുമായി ഇതിൻറെ വിശദാംശങ്ങൾ കൃത്യമായി കൈമാറുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഫറാക്ക ബാരേജിന്റെ ഷട്ടറുകൾ തുറന്നതുമായി ബന്ധപ്പെട്ട് അടുത്തിടെ പ്രചരിച്ച വ്യാജ വീഡിയോകളുടെ പശ്ചാത്തലത്തിലാണ് വിദേശകാര്യ മന്ത്രാലയത്തിൻറെ പ്രതികരണം.

******************************************************************

## TASK FORCE – MEETING

രാജ്യത്ത് മെഡിക്കൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച ശുപാർശകൾ തയ്യാറാക്കാൻ സുപ്രീം കോടതി നിർദേശ പ്രകാരം രൂപീകരിച്ച കർമ്മ സേനയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. ക്യാമ്പിനെറ്റ് സെക്രട്ടറിയുടെ അധ്യക്ഷതയിലാണ് യോഗം ചേരുന്നത്. കൊൽക്കത്തയിലെ ആർ ജി കർ മെഡിക്കൽ കോളെജിലെ യുവ വനിതാ ഡോക്ടർ ബലാൽസംഗത്തിന് ഇരയായി കൊല്ലപ്പെട്ട സംഭവത്തിൽ സ്വമേധായ എടുത്ത കേസ് പരിഗണിക്കവെയാണ്, പരമോന്നത കോടതി കർമ്മ സേന രൂപീകരിച്ചത്.

******************************************************************

## CHAMPAI SOREN - BJP

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും മുതിർന്ന ജാർഖണ്ഡ് മുക്തി മോർച്ച നേതാവുമായ ചമ്പായി സോറൻ ഈ മാസം 30ന് റാഞ്ചിയിൽ ബിജെപിയിൽ ചേരും. ബിജെപിയുടെ ജാർഖണ്ഡ് തിരഞ്ഞെടുപ്പ് സഹ-ഇൻചാർജുകൂടിയായ അസം മുഖ്യമന്ത്രി ഹിമന്ത ബിസ്വ സർമ്മയാണ് ഇക്കാര്യം സാമൂഹ്യമാധ്യമത്തിലൂടെ അറിയിച്ചത്. ചമ്പായി സോറനും ഹിമന്ത് ബിസ്വ സർമ്മയും ഇന്നലെ ഡൽഹിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി.

*******************************************************************************

## FACT CHECK

കേന്ദ്ര ധനമന്ത്രാലയത്തിൽ നിന്ന് 46,000 ത്തിലധികം രൂപയുടെ ധനസഹായം ലഭിക്കുമെന്ന തരത്തിൽ സാമൂഹിക മാധ്യമങ്ങളിൽ വ്യാജ ലിങ്ക് പ്രചരിക്കുന്നതായി കേന്ദ്ര സർക്കാർ. മെസേജിങ് ആപ്പിലൂടെ പാവപ്പെട്ടവർക്ക് സഹായധനം നൽകുന്നു എന്ന് പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ഫാക്ട് ചെക്ക് യൂണിറ്റ് അറിയിച്ചു. സന്ദേശമായി അയയ്ക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതിലൂടെ അപേക്ഷകന്റെ വിവരങ്ങൾ കൈമാറാൻ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ ക്ലെയിമുകൾ വ്യാജമാണെന്ന് ധനമന്ത്രാലയം അറിയിച്ചു.

*******************************************************************************

## ബ്രേക്ക്....

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

*******************************************************************************

## WAYANAD KERALA CM- PM

ഉരുൾപൊട്ടലിൽ തകർന്ന വയനാട് മുണ്ടക്കൈയെ പുനരുജ്ജീവിപ്പിക്കാൻ കേന്ദ്രസഹായം ആവശ്യപ്പെട്ട് മുഖ്യമന്ത്രി

പിണറായി വിജയൻ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയെ സന്ദർശിക്കും. സംസ്ഥാന സർക്കാർ വിശദമായ നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ദുരന്ത മേഖലകളിൽ പ്രധാനമന്ത്രി സന്ദർശനം നടത്തിയിരുന്നു.

**********************************************************************

## WAYANAD ALL PARTY MEETING

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ സർവകക്ഷിയോഗം വിളിച്ചു. മറ്റന്നാൾ വൈകിട്ട് ഓൺലൈനായാണ് യോഗം. ഉരുൾപൊട്ടലിൽ ഇനി 159 പേരെയാണ് കണ്ടെത്താനുള്ളത്.

**********************************************************************

## WAYANAD SCHOOL OPEN

ചൂരൽമല, മുണ്ടക്കൈ ഉരുൾപ്പൊട്ടലിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന മേപ്പാടി ഹയർ സെക്കൻഡറി സ്കൂളിൽ ഇന്നു മുതൽ അധ്യയനം ആരംഭിക്കും. ജി.എൽ.പി.എസ് മേപ്പാടി, ജി.എച്ച്.എസ്.എസ് മേപ്പാടി എന്നിവയാണ് ഇന്ന് പ്രവർത്തനമാരംഭിക്കുന്നത്.

**********************************************************************

## KOZHIKODE RAIN

കോഴിക്കോട് വിലങ്ങാട് മേഖലയിൽ രാത്രിയിൽ അതിശക്തമായ മഴ. നേരത്തെ ഉരുൾപൊട്ടൽ ഉണ്ടായ മേഖലകളിൽ മഴയിൽ കല്ലും മണ്ണും ഒലിച്ചിറങ്ങി. പുഴയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് 20 കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു.

**********************************************************************

**KANNUR - JOURNEY**

കേരള-കർണാടക അന്തർ സംസ്ഥാന പാതയിൽ കണ്ണൂർ ഇരിട്ടി - മാക്കൂട്ടം ചുരത്തിൽ അർധരാത്രി മരം കടപുഴകി വീണ് ഗതാഗതം തടസ്സപ്പെട്ടു. അഗ്നി രക്ഷാ സേന പുലർച്ചെ രണ്ട് മണിയോടെ മരം മുറിച്ചുമാറ്റി ഗതാഗതം പുന:സ്ഥാപിച്ചു. ജില്ലയിൽ മഴ ശക്തമാണ്.

*******************************************************************************

**RENJITH - CASE**

സിനിമാ മേഖലയിലെ വെളിപ്പെടുത്തലുകൾ അന്വേഷിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച പ്രത്യേക സംഘത്തിൻറെ ആദ്യയോഗം ഇന്ന് ചേരും. ഡിജിപി ഷേഖ് ദർവേഷ് സാഹേബിൻറെ സാന്നിധ്യത്തിലാണ് യോഗം. ചലച്ചിത്ര അക്കാദമി മുൻ ചെയർമാൻ രഞ്ജിത്തിനെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കൊച്ചി സിറ്റി പോലീസ് കേസെടുത്തു. ബംഗാളി നടി ശ്രീലേഖ മിത്രയുടെ പരാതിയിലാണ് നടപടി.

*******************************************************************************

**AMEBIC - ICAR TEAM**

കേരളത്തിൽ അമീബിക് മസ്തിഷ്കജ്വരം ബാധിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം പഠിക്കാൻ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിലെ വിദഗ്ധർ ഇന്നെത്തും. സംസ്ഥാനത്ത് ഇതുവരെ 16 പേർക്ക് രോഗം സ്ഥിരീകരിച്ചു.

*******************************************************************************

**WHO - MPOX**

എംപോക്സ് വ്യാപനം തടയുന്നതിന് ആറ് മാസത്തെ ആഗോള തന്ത്രപ്രധാന - പ്രതികരണ പദ്ധതിക്ക് ലോകാരോഗ്യ സംഘടന തുടക്കം കുറിച്ചു. സംഘടനയുടെ കണക്കനുസരിച്ച്, 2022 മുതൽ

116 രാജ്യങ്ങളിൽ 99,000 ത്തിലധികം പേർക്ക് രോഗം ബാധിച്ചു. 208 മരണം റിപ്പോർട്ട് ചെയ്തു.

****************************************************************************

**KERALA RAIN**

കേരളത്തിൽ വ്യാപക മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടെ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ട്. ഇന്നും നാളെയും കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് തടസ്സമില്ല.

****************************************************************************

**PARIS PARALYMPICS**

പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കം. 84 അത്‌ലറ്റുകളാണ് ഇന്ത്യൻ സംഘത്തിലുള്ളത്. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി ഇറങ്ങും.

****************************************************************************

**Nt. US OPEN TENNIS**

യു.എസ് ഓപ്പൺ ടെന്നീസ് ടൂർണമെൻ്റിന് ന്യൂയോർക്കിൽ തുടക്കമായി. പുരുഷ സിംഗിൾസിൻ്റെ ആദ്യ റൗണ്ടിൽ നാളെ ഇന്ത്യയുടെ സുമിത് നാഗൽ, ഡച്ച് താരം ടാലൻ ഗ്രിക്സ് പൂരിനെ നേരിടും. നിലവിലെ യു.എസ് ഓപ്പൺ ചാമ്പ്യൻ നൊവാക് ജോക്കോവിച്ച്,വിംബിൾഡൺ ജേതാവുമായ സ്പെയിനിൻ്റെ കാർലോസ് അൽകാരസിനെ നേരിടും.

****************************************************************************

## ICC WOMEN S T20

ഐ.സി.സി വനിതാ ട്വൻറി -20 ലോകകപ്പിലെ ആദ്യ മത്സരത്തിൽ ഇന്ത്യ, ന്യൂസിലൻഡിനെ നേരിടും. ഒക്ടോബർ 4-ന് ദുബായിലാണ് മത്സരം.

*****************************************************************

## SAFF FOOTBALL

ഇന്ത്യ, സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൻറെ സെമി ഫൈനലിൽ പുറത്തായി.ബംഗ്ലാദേശിനോട് പെനൽറ്റി ഷൂട്ടൗട്ടിലാണ് പരാജയപ്പെട്ടത്.

*****************************************************************

## AYYANKALI JAYANTHI

സാമൂഹ്യ പരിഷ്കർത്താവായ അയ്യൻകാളിയുടെ 161-ാം മത് ജയന്തി ആഘോഷം നാളെ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കും. വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ രാവിലെ മന്ത്രി ഒ ആർ കേളുവിൻറെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തും.

*****************************************************************

## CONG - J K LIST

ജമ്മു കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒമ്പത് സ്ഥാനാർത്ഥികളുടെ പട്ടിക കോൺഗ്രസ് പുറത്തിറക്കി. കോൺഗ്രസ് നേതാവ് ഗുലാം മുഹമ്മദ് മിർ, ദൂരു നിയമസഭാ സീറ്റിൽ നിന്നും ഷെയ്ഖ് റിയാസ്, ദോഡയിൽ നിന്നും മത്സരിക്കും.

*****************************************************************

*****************************************************************

*****************************************************************